പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം. T 3435 | 14.03.2017 - ലെ മറുപടിക്ക്

## എസ്.ബി.ഐ അസോസിയേറ്റ് ബാങ്കുകളുടെ ലയനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അടക്കമുള്ള അസോസിയേറ്റ് ബാങ്കുകളെ എസ്.ബി.ഐ യിൽ ലയിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നല്കിയതായി അറിയാമോ ; | (എ) | 2017 ഫെബ്രുവരി 22 -ാം തീയതിയിലെ ജി. എസ്.ആർ 160(ഇ) നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ ലയിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക വികസന രംഗത്ത് എന്തെങ്കിലും പുതിയമാറ്റങ്ങൾ വരുത്തുമെന്ന് കരുതുന്നുണ്ടോ; | (ബി) | എസ്.ബി.ഐ - എസ്.ബി.റ്റി ലയനം സംസ്ഥാനത്തിന്റെ സാമ്പത്തിക ഇടപാടുകളെ പ്രതികൂലമായി ബാധിക്കുന്നു. എസ്.ബി.റ്റി യ്ക്ക് ലഭിക്കുന്ന മൊത്തം നിക്ഷേപത്തിന്റെ 90 ശതമാനവും കാർഷിക, വ്യവസായ, വിദ്യാഭ്യാസ മേഖലകൾക്ക് വായ്പയായി നൽകുന്നതിനാൽ, സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വികസനത്തിൽ നിർണ്ണായകമായ പങ്കു വഹിക്കുന്നു. പ്രാദേശികമായ വികസന താല്പര്യങ്ങൾക്ക് മുൻഗണന നൽകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്ന എസ്.ബി.റ്റി പോലുള്ള ബാങ്ക്, ദേശീയ താല്പര്യങ്ങൾക്ക് മുൻഗണന കൊടുക്കുന്ന ഒരു ബാങ്കായി മാറുന്നത് സംസ്ഥാനത്തിന്റെ വികസന താല്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു |

| | |
|---|---|
| (സി) ശാഖകൾ അടച്ചു പൂട്ടുന്നതിനും തൊഴിൽ നഷ്ടങ്ങൾക്കും ബാങ്ക് ലയനം വഴിവെക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ